'പാഡി' യിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാണ്. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെയും സാമ്പത്തിക ഉന്നമനത്തിനുള്ള പരിപാടികളിലൂടെയും ഗ്രാമീണരെ സഹായിക്കുവാനും പരിശീലനവും സാമ്പത്തിക സഹായവും നൽകി സർക്കാരിന്റെ ഗ്രാമവികസന യത്നങ്ങൾക്ക് ഒരു അനുബന്ധമായി പ്രവർത്തിക്കാനും 'പാഡ്' കേരളായിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

കർഷകത്തൊഴിലാളി പെൻഷനുള്ള പ്രായപരിധി

* 306 [447] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി 50 ആയി കുറയ്ക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രായപരിധി 50 ആയി കുറയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പുളിമാത്ത് പഞ്ചായത്തിൽ നൽകിയ തൊഴിലില്ലായ്മ വേതനം

1283 [2308] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽ നിന്നും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുവേണ്ടി 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ടെന്നും അതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കു കൂടി തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലില്ലായ്മ വേതനത്തിനു വേണ്ടി ഈ പഞ്ചായത്തിൽനിന്നും എത്രപേർ അപേക്ഷിച്ചിരുന്നുവെന്നും അതിൽ എത്ര പേർക്കു വേതനം അനുവദിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1986 ജൂൺ 30 വരെ പുളിമാത്ത് വില്ലേജിൽ നിന്നും 612 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുളിമാത്ത് വില്ലേജിൽപ്പെട്ട 350 പേർക്കു വേതനം നൽകിയിട്ടുണ്ട്. അതിൽ 141 പേർ പുരുഷൻമാർ, 209 പേർ സ്ത്രീകളുമാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1980-ലെ തൊഴിലില്ലായ്മാ വേതനത്തിനുവേണ്ടി ഈ പഞ്ചായത്തിൽനിന്നും 424 പേർ അപേക്ഷിച്ചിരുന്നു. അതിൽ അർഹരായവർക്കു കോ-ഓപ്പറേറ്റീവുസൊസൈറ്റിവഴി തുക വിതരണം ചെയ്തതിനാൽ ഇതു സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

പള്ളിക്കൽ പഞ്ചായത്തിൽ നൽകിയ തൊഴിലില്ലായ്മാവേതനം

1284 [2309] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽനിന്നും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുവേണ്ടി 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ എത്രപേർക്കു തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട് എന്നും അതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കു കൂടി തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി ഈ പഞ്ചായത്തിൽനിന്നും എത്രപേർ അപേക്ഷിച്ചിരുന്നു എന്നും എത്രപേർക്കു തൊഴിലില്ലായ്മ വേതനം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പള്ളിക്കൽ വില്ലേജിൽ നിന്നും 1986 ജൂൺ 30 വരെ 201 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) പള്ളിക്കൽ വില്ലേജിൽപ്പെട്ട 105 പേർക്കു വേതനം നൽകിയിട്ടുണ്ട്. അതിൽ 50 പുരുഷൻമാരും 55 സ്ത്രീകളുമാണ്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) 1980-ലെ തൊഴിലില്ലായ്മ വേതന പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽനിന്നും 64 പേർ അപേക്ഷിച്ചിരുന്നു. അതിൽ അർഹരായവർക്കു കോ-ഓപ്പറേറ്റീവ് സൊസൈറ്റിവഴി തുക വിതരണം ചെയ്തതിനാൽ ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

കിളിമാനൂർ പഞ്ചായത്തിൽ നൽകിയ തൊഴിലില്ലായ്മാ വേതനം

1285 [2310] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ കിളിമാനൂർ പഞ്ചായത്തിൽനിന്നും തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നതിനുവേണ്ടി 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly